Draft #9 of File 61272/AD A5-1/2021/AD A 5 Approved by Registrar on 07-May-2022 03:07 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നം.61272/AD A5-1/2021/എ ഡി എ 5 തീയതി: 07.05.2022

## വിജ്ഞാപനം

**സ്കൂൾ ഓഫ് ബയോ സയൻസസി ൽ 'ഇൻസ്ട്രുമെന്റ് ടെക്നിഷ്യൻ' തസ്തികയിൽ താൽക്കാലിക കരാർ നിയമനത്തിനുള്ള പുനർ വിജ്ഞാപനം**

സൂചന : 28.02.2022 തീയതിയിലെ 61272/ADA5-1/2021/എഡിഎ5 നമ്പർ സർവ്വകലാശാല വിജ്ഞാപനം.

മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ബയോ സയൻസസിൽ **'ഇൻസ്ട്രുമെന്റ് ടെക്നിഷ്യൻ'** താൽക്കാലിക തസ്തികയിൽ ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുന്നതിനായി പുറപ്പെടുവിച്ചിരുന്ന സൂചന വിജ്ഞാപന പ്രകാരം മതിയായ യോഗ്യതയുള്ള ഉദ്യോഗാർഥികളുടെ അപേക്ഷകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ വീണ്ടും അപേക്ഷ ക്ഷണിക്കുന്നു.

**ഒഴിവ് :- 1 (ഓപ്പൺ)**
**യോഗ്യത:- (1) ലൈഫ് സയൻസിൽ ബിരുദാനന്തര ബിരുദം**
**(2) ആനിമൽ സെൽ കൾച്ചർ, ഗ്യാസ് ക്രോമാറ്റോഗ്രഫി -മാസ് സ്പെക്ട്രോമെട്രി (GC-MS), ഹൈ-പെർഫോമൻസ് ലികിഡ് ക്രോമാറ്റോഗ്രഫി (HPLC), ഫോറിയർ-ട്രാൻസ്ഫോം ഇൻഫ്രാറെഡ് സ്പെക്ട്രോസ്കോപ്പി (FTIR), ഹൈ-പെർഫോമൻസ് തിൻ-ലെയർ ക്രോമാറ്റോഗ്രഫി (HPTLC), ഇൻവേർട്ടഡ് ഫേസ് കോൺട്രാസ്റ്റ് മൈക്രോസ്കോപ്പ്, ലികിഡ് ക്രോമാറ്റോഗ്രഫി-മാസ് സ്പെക്ട്രോമെട്രി (LCMS), അൾട്രാവയലറ്റ്-വിസിബിൾ സ്പെക്ട്രോസ്കോപ്പി എന്നീ ലബോറട്ടറി സൗകര്യങ്ങളിൽ കുറഞ്ഞത് മൂന്ന് വർഷത്തെ പ്രവൃത്തി പരിചയം**
**വേതനം :- പ്രതിമാസം ₹20000/- (ഇരുപതിനായിരം രൂപ) സഞ്ചിത നിരക്കിൽ**
**പ്രായ പരിധി :- 01.01.2022 - ൽ 41 വയസ്സ് കവിയരുത്. പട്ടിക ജാതി/ വർഗ്ഗ, പിന്നാക്ക വിഭാഗക്കാർക്ക് പ്രായ പരിധിയിൽ നിയമാനുസൃതമുള്ള ഇളവ് ലഭിക്കുന്നതാണ്.**

താൽപര്യമുള്ള യോഗ്യരായ ഉദ്യോഗാർത്ഥികൾ വിജ്ഞാപനത്തോടൊപ്പം സർവ്വകലാശാല വെബ്സൈറ്റിൽ ചേർത്തിരിക്കുന്ന നിശ്ചിത അപേക്ഷാഫോറം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് **ada5@mgu.ac.in** എന്ന ഇ-മെയിൽ വിലാസത്തിലേക്ക് **2022 മെയ് 13 ന്, വൈകിട്ട് 5 മണിക്ക് മുമ്പ്** ലഭിക്കത്തക്ക വിധം അയക്കേണ്ടതാണ്. **'Application for the post of Instrument Technician (SBS)'** എന്ന് സബ്ജക്റ്റ് ഹെഡ് ചേർത്തായിരിക്കണം ഇ-മെയിൽ അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷക്കൊപ്പം പ്രായം (എസ്.എസ്.എൽ.സി), വിദ്യാഭ്യാസ യോഗ്യത (മാർക്ക് ലിസ്റ്റുകൾ, സർട്ടിഫിക്കറ്റുകൾ), പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ കൂടി സ്കാൻ ചെയ്ത് സമർപ്പിക്കണം. ലഭിക്കുന്ന അപേക്ഷകളുടെ പ്രാഥമിക പരിശോധനയിൽ യോഗ്യരായ ഉദ്യോഗാർത്ഥികളെ അഭിമുഖത്തിന് ക്ഷണിക്കുന്നതാണ്. അഭിമുഖത്തിന്റെ തീയതി, സമയം എന്നിവ പിന്നീട് അറിയിക്കുന്നതാണ്. ടി അഭിമുഖത്തിലെ പ്രവേശനം തികച്ചും താൽക്കാലികവും, അപേക്ഷയിൽ ചേർത്തിരിക്കുന്ന വ്യക്തിഗത/ അക്കാദമിക/ പ്രവൃത്തി പരിചയ വിവരങ്ങളുടെ അസ്സൽ രേഖകളുടെ പരിശോധനക്ക് വിധേയവുമായിരിക്കും. മേൽപറഞ്ഞ തിയതിക്ക് ശേഷം ലഭിക്കുന്നതും, അപാകതകൾ ഉള്ളതുമായ അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ്.

ടി തസ്തികയിലേക്ക് നിയോഗിക്കപ്പെടുന്ന ഉദ്യോഗാർത്ഥി സർവ്വകലാശാലയുമായി ടി താൽക്കാലിക നിയമനം സംബന്ധിച്ച് ഒരു കരാറിൽ ഏർപ്പെടേണ്ടതാണ്.

**ഡോ.പ്രകാശ് കുമാർ .ബി**
രജിസ്ട്രാർ

പകർപ്പ്:

1. പബ്ലിക് റിലേഷൻസ് ഓഫീസർ
2. നോട്ടീസ് ബോർഡ്
3. സർവ്വകലാശാലാ വെബ് സൈറ്റ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം